പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1129 30.01.2018- ൽ മറുപടിക്ക്

## നെന്മാറ നിയോജക മണ്ഡലത്തിലെ റോഡുകളുടെ പണി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ബാബു | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തിയാണ് നിലവിൽ നടന്നു വരുന്നത് എന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:<br>1) വടക്കഞ്ചേരി - പൊള്ളാച്ചി റോഡ് കി.മി 25/000 മുതൽ 29/890 വരെയും കി.മി 32/080 മുതൽ 38/912 വരെയും പ്രവൃത്തി തുടങ്ങിയിട്ടുണ്ട്.<br>2) പുതുനഗരം - കൊല്ലങ്കോട് റോഡ് കി.മി 5/250 മുതൽ 7/250 വരെ ബി.എം & ബി.സി ചെയ്ത് ഉപരിതലം അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കൊടുവായൂർ-വിത്തനശ്ശേരി-നെന്മാറ റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;<br>(സി) ഉണ്ടെങ്കിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് കൊടുവായൂർ-വിത്തനശ്ശേരി-നെന്മാറ റോഡിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | കൊടുവായൂർ - വിത്തനശ്ശേരി - നെന്മാറ റോഡിൽ സ്ഥിരമായി അപകടം സംഭവിക്കുന്ന ഒരു കയറ്റം കുറച്ച് ഗതാഗതം സുഗമമാക്കിയതിനു ശേഷമേ ബി.എം & ബി.സി ചെയ്ത് നവീകരിക്കാവൂ എന്ന് പഞ്ചായത്ത് പ്രതിനിധികളും സമീപ വാസികളും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ